ശ്രീ. പി. ഗോവിന്ദപ്പിള്ള : ആ നിയമത്തിന്റെ വ്യവസ്ഥകളും ലംഘിച്ചു് ഇനിയെങ്കിലും ഉത്തരവു് നടപ്പാക്കാൻ ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : റിട്ട് പെറ്റീഷന്റെ കാര്യം നോക്കുവേണ്ടി എഴുതിയിരിക്കുകയാണു്.

ശ്രീ. ഇ. പി. പൗലോസു് : ആ നടപടി സംബന്ധിച്ചു് എന്തോ സാങ്കേതികതടസ്സമുണ്ടു് ; ഗവണ്മെന്റു് അതൊഴിവാക്കണ്ട കാര്യം പാലിച്ചിട്ടില്ല എന്ന കാരണം പറഞ്ഞു് ഗവണ്മെന്റു് ഉത്തരവു് അസ്ഥിരപ്പെടുത്തിയിരിക്കുകയല്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : ജഡ്ജ്മെന്റു തന്നെ കാണാതെ, അസ്ഥിരപ്പെടുത്തിയോ, സ്ഥിരപ്പെടുത്തിയോ എന്നു് എങ്ങനെ നിശ്ചയിക്കും ? ഹൈക്കോടതി വിധിയുടെ ശരിപകർപ്പു് എഴുതിയിരിക്കുകയാണു്.

സ്കൂൾ നടത്താൻ സാധ്യമല്ലെന്നു അറിയിച്ച മാനേജരന്മാർ.

* 1299. [17] ശ്രീ. ആർ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സ്കൂൾ വർഷം മുതൽ സ്കൂൾ നടത്തുവാൻ സാധ്യമല്ലാ എന്നു് ഏതെങ്കിലും മാനേജരന്മാർ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ; ആരെല്ലാം ;

(സി) എന്തു കാരണത്താലാണു് ഇവർ സ്കൂൾ നടത്തുവാൻ തയ്യാറാകാത്തതു് ;

(ഡി) ഇങ്ങനെയുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ ഗവണ്മെന്റു് എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികൾ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉണ്ടു്.

(ബി) സാഹിത്യദീപിക സംസ്കൃത ഹൈസ്കൂൾ, എസ്. എൻ. വി. ഹൈസ്കൂൾ, അയിരൂർ എന്നീ സ്കൂളുകളിലെ മാനേജരന്മാരും, കോഴിക്കോട്ടു് മലബാർ ജില്ലയിലെ ട്രസ്റ്റിമാരിലൊരു പ്രൈമറിസ്കൂൾ മാനേജരന്മാരും ആണു് ഇങ്ങനെ അറിയിച്ചിട്ടുള്ളതു്.

(സി) സംസ്കൃതസ്കൂളും, മറ്റു് ഹൈസ്കൂളുകളും അവ നടത്താനുള്ള സാമ്പത്തിക വിഷമതകളും, സ്ഥലക്കുറവുമാണു് കാരണമായി പറഞ്ഞിട്ടുള്ളതു്. സാഹിത്യദീപിക ഹൈസ്കൂൾ ക്ലാസുകളിൽ ഫോർത്ത് ഫാറം, ഫിഫ്ത്ത് ഫാറം, സിക്സ്ത് ഫാറം ഇവ നടത്തുന്നതിനു് നിവൃത്തിയില്ലാതെ അവ നിറുത്തലാക്കുന്നതിനു് അധികൃതരോടു് അനുവാദം ആവശ്യപ്പെട്ടിരിക്കുകയാണു്. ഹെഡ് മാസ്റ്റർ മുഖേന ശമ്പളം വിതരണം ചെയ്യുന്നതുമൂലം അദ്ധ്യാപകരുടെ മേലുള്ള നിയന്ത്രണം പോകുന്നുവെന്ന കാരണംകൊണ്ടും സാമ്പത്തികവൈഷമ്യംകൊണ്ടുമാണു് എസ്. എൻ. വി. ഹൈസ്കൂൾ (അയിരൂർ)നടത്താൻ വിഷമമുണ്ടെന്നു അറിയിച്ചിരിക്കുന്നതു്. മറ്റു സ്കൂളുകൾ പൊതുവെ സാമ്പത്തികവൈഷമ്യമാണു് മുണ്ടിക്കാണിച്ചിട്ടുള്ളതു്.

(ഡി) അതിന്മേൽ എടുക്കേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. ആർ. ഗോവിന്ദൻ : ചാത്തന്നൂർ എസ്. എൻ. വി. ഹൈസ്കൂൾ ഇതേവരെ നടത്താൻ നിവൃത്തിയില്ലെന്നു് അറിയിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ കാണുന്നില്ല.

ശ്രീ. ആർ. ഗോവിന്ദൻ : ഇങ്ങനെ സ്ട്രൈക്കും നിറുത്തുമ്പോൾ, മറ്റാരെ കൊണ്ടും ഏജൻസിയായി സ്കൂൾ നടത്താൻ മുമ്പോട്ടുവന്നാൽ, സമീപപ്രദേശത്തു് മറ്റു സ്ട്രൈക്കും നടത്തുന്നതിനു് ഗവണ്മെന്റു് അനുവദിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി ഖണ്ഡിതമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിനു കോട്ടം തട്ടാതിരിക്കാൻ എന്തു നടപടിക്കും എടുക്കണമോ അതു് എടുക്കുന്നതായിരിക്കും. ചില സ്ഥലങ്ങളിൽ അയൽപക്കത്തെ സ്കൂൾകുട്ടികളിൽ കുട്ടികളെ ചേർത്താൽ മതിയാകും. അതിനു സൗകര്യമില്ലാത്ത സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടതു ചെയ്യും.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : ഒരു സ്കൂൾ നടത്താൻ നിവൃത്തിയില്ലെന്നു് എത്ര കാലം മുൻപു് അറിയിച്ചിരിക്കണമെന്നു വ്യവസ്ഥയുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഒരു കൊല്ലം മുൻപു് അറിയിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പു് : മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി നടത്തുന്ന സ്കൂളുകളെപ്പറ്റി മുൻപു് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കാര്യമായി ആലോചിച്ചു തീരുമാനം എടുക്കാമെന്നു പറഞ്ഞു. അതിനെപ്പറ്റി ഗവണ്മെന്റു വല്ല തീരുമാനവും എടുത്തോ ; ഇപ്പോഴും പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തീരുമാനമായിട്ടില്ല.

ശ്രീ. കെ. ഗോവിന്ദൻകുട്ടിമേനോൻ : പാവറട്ടി സംസ്കൃത ഹൈസ്കൂൾ നടത്തുന്നതിനു് സാമ്പത്തികവൈഷമ്യം ഈ പ്രത്യേക കാലഘട്ടത്തിൽ ഉണ്ടായതു് എന്താണെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനു പ്രത്യേകം കാരണം കാണിച്ചിട്ടില്ല.

ശ്രീ. കെ. ഗോവിന്ദൻകുട്ടി മേനോൻ : അദ്ധ്യാപകർക്കു ഗവണ്മെന്റു നേരിട്ടു ശമ്പളം കൊടുക്കുന്നതുനിമിത്തം മാനേജ്മെന്റിനു് അദ്ധ്യാപകരുടെമേൽ വേണ്ടത്ര നിയന്ത്രണം ഇല്ലെന്നുള്ള കാരണമാണു് സ്കൂൾ നടത്താൻ തടസ്സമായിട്ടുള്ളതെന്നു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ മനസ്സിലായിട്ടില്ല; അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ കെ. ഗോവിന്ദൻകുട്ടി മേനോൻ : അടുത്ത സ്കൂൾവർഷാരംഭത്തിനു മുൻപു് ഇതിനൊരു തീരുമാനം ഉണ്ടാകുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തീർച്ചയായിട്ടും.

ശ്രീ. ജോസഫ് ചാഴിക്കാടൻ : വിദ്യാഭ്യാസനിയമവും, രൂപ്സും വന്നതുനിമിത്തം, ഈ രാജ്യത്തു സ്കൂളുകൾ നടത്താൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നുവെന്നു മാനേജ്മെന്റുകൾ യോഗം ചേർന്നു നിശ്ചയം പാസ്സാക്കി അയച്ചിട്ടില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly